*Celebrating Extraordinary Missionary Month October 2019…*

**Sunday, 20 October 2019**

ഏലിയാ സ്ലീവാ മൂശാകാലം ഏഴാം ഞായർ

Mt 8:23-34 (കാറ്റും കടലും അനുസരിക്കുന്നു)

Fr. Winson Moyalan CMI

ഈ ആധുനിക കാലഘട്ടത്തിൽ, ഇരുപത്തി ഒന്നാം നൂറ്റാണ്ടിൽ, മനുഷ്യൻ ശാസ്ത്രപുരോഗതി നേടിയപ്പോൾ അവൻ ദൈവത്തെ മറന്നു. പക്ഷെ, പിശാചിൽ അവൻ കൂടുതൽ വിശ്വാസിയായിരിക്കുന്നു. ഏത് ധ്യാനകേന്ദ്രങ്ങളിൽ പോയാലും പൈശാചിക ബന്ധനവും, തലമുറ ശാപവുമൊക്കെ മുഖ്യ പ്രസംഗവിഷയമാണ്. Black Mass നെക്കുറിച്ചും, സാത്താൻ സേവാസംഘത്തെക്കുറിച്ചും, ആഭിചാര പ്രവർത്തികളെക്കുറിച്ചുമൊക്കെ എങ്ങും കേൾക്കുന്നു.
ഇക്കഴിഞ്ഞ ദിവസം ഒരു യുവാവ് ഉപദേശത്തിനായി എന്നെ സമീപിച്ചു. ആഭിചാര കേന്ദ്രങ്ങളിൽ സ്വയം അടിയറ വച്ചതിനാൽ മാനസിക വിഭ്രാന്തിയ്ക്കടിമയാണ്.കുടുംബത്തിൽ അവനും, മൂത്ത ചേച്ചിയും മാത്രം. ചേച്ചിയെ വിവാഹം കഴിച്ചയച്ചു. ഇവൻ Heavy License ഉള്ള ഒരു പയ്യനാണ്. പക്ഷെ ജോലി ചെയ്യാനുള്ള സ്വസ്ഥതയില്ല. ആഭിചാരപ്രവർത്തിയിലേർപ്പെട്ടതാണ് കാരണമെന്ന് അവൻ വിശ്വസിക്കുന്നു. നല്ലൊരു കുമ്പസാരമെല്ലാം കഴിഞ്ഞപ്പോൾ തന്നെ അവനെന്തോ ആത്മവിശ്വാസം വന്നപ്പോലെ. സാവകാശം അവൻ ജോലി ചെയ്യാൻ ആരംഭിച്ചു.
കുറച്ചു നാൾ കഴിഞ്ഞപ്പോൾ വീണ്ടും പ്രശ്നവുമായി അയാൾ എന്നെ സമീപിച്ചു. ഇപ്പോൾ പെങ്ങളുടെ വീട്ടിലാണ് പ്രശ്നം. ആ പ്രശ്നവും അവന്റെ ആഭിചാര പ്രവർത്തിയുടെ ഫലമായുണ്ടായതാണോ എന്നാണ് അവനറിയേണ്ടത്.  Paranoid Schizophronia എന്ന രോഗത്തിന്റെ ഒരു തിക്തരൂപം. ഇത്തരത്തിലുള്ള നൂറ് തരം ആളുകളെ സംരക്ഷിക്കുന്ന ആകാശപറവകളുടെ ഒരു സംരക്ഷണ കേന്ദ്രത്തിലാണ് ഞാൻ ജോലി ചെയ്യുന്നത്.
കരിസ്മാറ്റിക്ക് കേന്ദ്രങ്ങളിലും ഇത്തരം ധാരാളം ആളുകൾ വന്നെത്താറുണ്ടല്ലോ? പൈശാചിക ബന്ധനത്തിന് അടിമയായവർ എന്നാണവർ ഇത്തരക്കാർക്ക് നല്കിയിരിക്കുന്ന പേര്.
പിശാചിനെ പിടിക്കുന്ന (ExcorciSm) ചില അച്ചന്മാരേയും കണ്ടുമുട്ടിയിട്ടുണ്ട്. ഇതുപ്പോലെയുള്ള വീടുകളിൽ പോയി കുഴിച്ചെടുത്തിട്ടുള്ള തകിടുകളും, മന്ത്രവാദ വസ്തുക്കളും അവർ കാണിച്ചു തന്നിട്ടുമുണ്ട്.
സെമിനാരിയിൽ ചേർന്ന വർഷം കറുത്ത ളോവയിട്ട Excorcist ആയ ഒരച്ചൻ ഞങ്ങളെ സന്ദർശിച്ചതും, അദ്ദേഹം പുറത്താക്കിയ ഒരു രോഗിയുടെ ശബ്ദരേഖ ഞങ്ങളെ കേൾപ്പിച്ചതും ഓർക്കുകയാണ്. ലോലമായ ശബ്ദത്തിൽ ആരംഭിച്ച് അവസാന നിമിഷം ഒഴിഞ്ഞു പോകുന്ന വേളയിൽ ആ സ്ത്രീ പുറപ്പെടുവിച്ച ആക്രോശം ഇന്നും ഭീതിയോടെ ഓർമ്മ വരികയാണ്.

ഇന്ന് ഏത് പിശാചുബാധയും ഒഴിപ്പിക്കാൻ പ്രാപ്തിയുള്ള
കടമറ്റത്തച്ചന്റെ അപരന്മാരെ ഏത് ധ്യാനകേന്ദ്രത്തിൽ പോയാലും
നമുക്ക് കണ്ടെത്താനാകും. അതിനെയൊന്നും തള്ളികളയാൻ
ഞാനാളല്ല.  ഒരുവനെ നോക്കി "യേശുവിന്റെ നാമത്തിൽ ഞാൻ
കല്പിക്കുന്നു: എഴുന്നേറ്റ് നടക്കുക " എന്ന് പത്രോസ് പറഞ്ഞപ്പോൾ
ജന്മനാ മുടന്തുള്ളവൻ എഴുന്നേറ്റു നടന്നില്ലേ? മുടന്ത് രോഗം
അത്ഭുതകരമായി മാറിയതു കൊണ്ടാണല്ലോ മറിയം ത്രേസ്യായെ
കഴിഞ്ഞ ഞായറാഴ്ച വിശുദ്ധയായി പ്രഖ്യാപിച്ചത്. അവൾക്കുണ്ടായ
എത്രയെത്ര പൈശാചിക ആക്രമണങ്ങളെക്കുറിച്ചാണ് അവളുടെ
ജീവചരിത്രത്തിൽ എഴുതി വച്ചിട്ടുള്ളത്.
വേദപുസ്തകം പരിശോധിച്ചാൽ, പ്രത്യേകിച്ച്, പുതിയ നിയമത്തിൽ,
പിശാചും പൈശാചിക ബന്ധനങ്ങളെക്കുറിച്ചും പലയിടത്തും നാം
വായിക്കുന്നുണ്ട്. ആധുനിക മന:ശാസ്ത്രത്തിൽ
ഇതിനെക്കുറിച്ചൊക്കെ വ്യത്യസ്തമായ കാഴ്ചപ്പാടുകളുണ്ടായിരിക്കാം.
എന്നിരുന്നാലും പിശാചിന്റെ അസ്തിത്വത്തെക്കുറിച്ചുള്ള വിശ്വാസം
ഏതൊരു കാലത്തെക്കാളും കൂടുതലാണിന്ന്.
പൈശാചിക ബന്ധനങ്ങളെ കൈകാര്യം ചെയ്യാനറിയാത്ത വചന
പ്രഘോഷകർക്ക് യാതൊരു വിലയുമില്ലാത്ത ഒരു കാലഘട്ടവുമാണിത്.
ലോകാരൂപിയെ 'സാത്താൻ' എന്ന് തന്നെയാണ് യേശു സംബോധന
ചെയ്യുന്നത്. യേശുവിന്റെ പീഢാ സഹനത്തെ എതിർത്ത
പത്രോസിനോട്  "സാത്താനെ, ദൂരെ പോകൂ" എന്നാണ് യേശു
പറയുന്നത്.
ഇന്നത്തെ സുവിശേഷത്തിൽ വ്യത്യസ്ത രീതിയിലുള്ള രണ്ട്
പൈശാചിക ബന്ധനങ്ങളെയാണ് യേശു ഒഴിവാക്കുന്നത്.
ശിഷ്യരുമൊത്ത് യേശു വഞ്ചിയിൽ യാത്ര
ചെയ്യുമ്പോൾ,  കാറ്റിന്റേയും കോളിന്റേയും യാതൊരു
ലക്ഷണവുമില്ലായിരുന്നു. അങ്ങിനെയുണ്ടായിരുന്നെങ്കിൽ കടലിന്റെ
എല്ലാ ലക്ഷണവും അറിയുന്ന ശിഷ്യർ
തിരിച്ചറിയുമായിരുന്നു.കടലിനെ കൈ കരുത്ത് കൊണ്ട്
അമ്മാനമാടിയിരുന്ന ശിഷ്യന്മാർ പോലും അതിന്റെ രൗദ്രഭാവം കണ്ട്
ഭയന്നു അലറി വിളിച്ചെങ്കിൽ, അതെത്ര രൂക്ഷമായിരുന്നുവെന്ന്
ഊഹിക്കാവുന്നതല്ലേ ഉള്ളൂ. പക്ഷെ, യേശുവോ,
ഒന്നുമറിയാത്തവനെപ്പോലെ സുഖമായി അമരത്തിൽ തലവച്ചുറങ്ങി
കൊണ്ടിരുന്നു. ശിഷ്യന്മാരുടെ അലർച്ച കേട്ട് ഉണർന്ന യേശു ഒന്നും
സംഭവിക്കാത്ത പോലെ ചുറ്റുപാടും നോക്കുന്നു. യാതൊരു
ഭാവഭേദവുമില്ല.
ജീവനുള്ള ഒരാളോട് എന്നപ്പോലെയാണ് അവൻ കാറ്റിനേയും,
കടലിനേയും ശാസിക്കുന്നത്.
ജീവനും, കാതുമില്ലാത്ത കാറ്റും, കടലും ഉടനെ ശാന്തമാകുന്നു. ഇത്
കണ്ട ശിഷ്യർപ്പോലും പറയുന്നത് ശ്രദ്ധിക്കുക: " കാറ്റും കടലുംപ്പോലും
ഇവനെ അനുസരിക്കുന്നല്ലോ?" (27).
എന്താണിതിന് അർത്ഥം?
ഈ പ്രകൃതിക്ഷോഭത്തിന് കാരണമായത് ഏതോ ഒരു ദുഷ്ടശക്തിയുടെ
ഇടപ്പെടൽ മൂലമാണ് എന്ന് ചുരുക്കം. കാരണം അവന്റെ തുടർ

യാത്രയെ ഭയപ്പെടുന്ന ഏതോ ഒരു ശക്തി അവനെ തടയുന്നതാണ് അസമയത്തുണ്ടായ പ്രകൃതിയുടെ ഈ ഭാവമാറ്റം. അവൻ പോകുന്നത് ലെഗിയോൻ (Legion= ആയിരം) അധിവസിക്കുന്ന ഗദറായക്കാരുടെ നാട്ടിലേക്കാണ്. അവരുടെ ആവാസ കേന്ദ്രത്തിൽ നിന്ന് അവരെ തുരത്തുക എന്ന ലക്ഷ്യമാണവനുള്ളത്. ഇത് അവ തിരിച്ചറിഞ്ഞിരുന്നു. കാറ്റും കോളും അവനെ തടയാനുള്ള അവയുടെ ഒരു ഇടപ്പെടലായിരുന്നു. ഇതറിയാമായിരുന്നതുകൊണ്ടുതന്നെയാണ് ആ പൈശാചിക ശക്തികളുടെ മുമ്പിൽ ഇടറാതെ, പതറാതെ അവയെ അഭിമുഖീകരിക്കുവാൻ യേശുവിന് കഴിഞ്ഞത്. കാരണം ആകാശത്തിലും, ഭൂമിയിലും പാതാളത്തിലും പ്രാബല്ല്യവും, അധികാരവും അവന് മാത്രമാണ്.
മരുഭൂമിയും, വിജന പ്രദേശങ്ങളും, അശുദ്ധ ഇടങ്ങളും, വ്യക്തികളുമൊക്കെ അവയ്ക്ക് ഏറ്റവും ഇഷ്ടമുള്ള അധിവാസ കേന്ദ്രങ്ങളാണ്. ആയിരം പേരുള്ള ഒരു കൂട്ടം പിശാചുക്കൾ ഒരു മനുഷ്യനിൽ മാത്രം കുടിയിരിക്കണമെങ്കിൽ അവൻ എത്രയേറെ അധ:പതിച്ചവനായിരുന്നിരിക്കും. അവനിൽ അവ കൂട്ടമായി വസിക്കാൻ ഇഷ്ടപ്പെട്ട ഇടമായിരുന്നു.
അവനെ വിട്ടു പോകാൻ അധികാരപൂർവ്വം യേശു കല്പിച്ചതിനാൽ അശുദ്ധമൃഗമായ പന്നി കൂട്ടത്തിൽ പ്രവേശിക്കാൻ അവർ അനുവാദം ചോദിക്കുന്നു. അനുവാദം കിട്ടിയതും എത്ര ഭീകരാന്തരീക്ഷമാണ വിടെയുണ്ടായത്. അത്ര വലിയ ബാധയിൽ നിന്നാണ് യേശു ആ മനുഷ്യനെ രക്ഷിച്ചത്.
മനുഷ്യന്റെ മേലുള്ള ദൈവത്തിന്റെ കരുണയാണിവിടെ കാണുന്നത്. ഇതുപ്പോലെ മനുഷ്യനെ ബാധിക്കാവുന്ന എല്ലാ വ്യാധികളിൽ നിന്നും അവൻ അവരെ മോചിപ്പിച്ചു. അതു മാത്രമല്ല പ്രകൃതിയുടെ മേലുള്ള അവന്റെ അധീശത്വവും അവൻ വെളിപ്പെടുത്തി. കടലിനെ ശാന്തമാക്കുക, കടലിന്റെ മീതെ നടക്കുക, അപ്പം വർദ്ധിപ്പിക്കുക തുടങ്ങിയ ഓരോ അത്ഭുതങ്ങളും താൻ ദൈവപുത്രനാണ് എന്ന പ്രഘോഷണമായിരുന്നു.
മനുഷ്യമഹത്വത്തെ ഉയർത്തി പിടിക്കുന്നതായിരുന്നതും, അവന്റെ രക്ഷയുമായിരുന്നു അവന്റെ പ്രബോധന വിഷയം. കാരണം മനുഷ്യൻ സൃഷ്ടിയുടെ മകുടമാണ്. അവന് ഏറ്റവും പ്രിയപ്പെട്ട വാസസ്ഥലവുമാണ്. പൈശാചികവാസം ഒരാളെ എത്ര ഭീകരനാക്കുന്നുവെന്ന് നാം ഇന്നത്തെ വായനയിൽ കണ്ടെത്തി. എന്നാൽ ദൈവീക വാസം അവനെ നേരെ വിപരീത സൃഷ്ടിയാക്കും. ദൈവം മനുഷ്യനോടൊപ്പം വസിക്കാൻ എത്ര ആഗ്രഹിക്കുന്നുവെന്നതിന്റെ തെളിവാണ് അവിടുന്ന് നമുക്കായി സ്ഥാപിച്ച വി. കുർബ്ബാന. കടലിനെ ശാന്തമാക്കാമെങ്കിൽ, കടലിന് മീതെ നടക്കാമെങ്കിൽ, അഞ്ച് അപ്പത്തെ നിമിഷ മാത്രയിൽ അയ്യായിരമാക്കാമെങ്കിൽ, മരിച്ചവരെ ഉയിർപ്പിക്കാമെങ്കിൽ അപ്പം അവന്റെ ശരീരമാക്കാനും, വീഞ്ഞ് അവന്റെ രക്തമാക്കാനും, അങ്ങനെ അവന് നമ്മിൽ വന്ന് വസിക്കാനും കഴിയുമെന്ന് നാം വിശ്വസിക്കണം. യേശുവിന്റെ മനുഷ്യാവതാരത്തിന്റെ ഒരേയൊരു ലക്ഷ്യവുമായിരുന്നു.

*Published by*
CMI General Department of Evangelization and Pastoral Ministry